**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1124** **30-06-2022 - ൽ മറുപടിയ്ക്ക്**

**തീരക്കടലിലെ മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | തീരക്കടലിൽ അശാസ്ത്രീയവും നിയമവിരുദ്ധവുമായ രീതിയിൽ മത്സ്യബന്ധനം നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന തീരത്തു നിന്നും 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടലിൽ അന്യ സംസ്ഥാന ബോട്ടുകളുടെ മത്സ്യബന്ധനം കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം മൂലം നിരോധിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്‌സ്മെന്റും കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്നതും, അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നതുമായ യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി 9 തീരദേശ ജില്ലകളിലായി 9 ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. സംസ്ഥാനത്തെ പ്രധാന ഹാർബറുകളിൽ സി.സി.ടി.വി ക്യാമറ നിരീക്ഷണം ഏർപ്പെടുത്തി വരുന്നു. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, ബോധവത്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്. കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം പ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തു നിന്ന് 30 മീറ്റർ ആഴം വരെയും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തു നിന്നും 20 മീറ്റർ ആഴം വരെയും യന്ത്രവല്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത 30 മീറ്റർ ആഴത്തിനും 20 മീറ്റർ ആഴത്തിനും അകത്തു മത്സ്യബന്ധനം നടത്തുന്നതിന് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ KMFR Act ഉം Rule ഉം കാലോചിതമായി പരിഷ്കരിയ്ക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നൽകുന്നില്ല. നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ്സീൻ , പെലാജിക് ട്രോൾ , മിഡ് വാട്ടർ ട്രോൾ , പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് നിർമ്മാണ യാർഡുകൾക്കും , മൽസ്യബന്ധന വല നിർമാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ